പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *602 | 24.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.യു. ആർ. പ്രദീപ്**<br>**,, എസ്. ശർമ്മ**<br>**,, കെ. വി. വിജയദാസ്**<br>**,, കെ. ഡി. പ്രസേനൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യപരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യപരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ഈ മേഖലയിലെ കുട്ടികളിൽ 4% പേർ ഗുരുതര പോഷണക്കുറവുള്ള (Severe Acute Malnutrition-SAM) കുട്ടികളാണ്. ഈ വിഭാഗത്തിലുള്ള കുട്ടികളുടെ പരിചരണത്തിനായി നിലവിൽ 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ (NRC) അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജാതക് സോഫ്റ്റ് വെയറിലൂടെ കുട്ടികളുടെ പോഷണനിലവാരം മനസിലാക്കി വേണ്ട സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പ്- ഐ സി ഡി എസ് ഉദ്യോഗസ്ഥരെ അലർട്ട് ചെയ്യുന്ന Child Tracking System ഉം പ്രവർത്തിച്ചുവരുന്നു. |
| (ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കുട്ടികളിലെ ന്യൂനപോഷണം പരിഹരിക്കുകയും അതുവഴി ശിശുമരണങ്ങൾ ഇല്ലാതാക്കുകയും ചെയ്യുക |
| (സി) ഈ മേഖലയിലെ ശിശുക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) അട്ടപ്പാടിയിലും പരിസരപ്രദേശങ്ങളിലുമുള്ള കുട്ടികൾ ദീർഘകാലമായി അഭിമുഖീകരിച്ചുവരുന്ന പ്രശ്നമാണ് ഗുരുതരമായ ന്യൂനപോഷണം. പോഷണക്കുറവുള്ള അമ്മമാർ ജനനഭാരം നന്നെകുറവുള്ള കുട്ടികൾക്ക് ജന്മം നൽകുകയും ഈ കുട്ടികൾ ജനനം മുതൽ ന്യൂനപോഷണത്തിന്റെ പിടിയിലായി ഗുരുതര ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരികയും ചെയ്യുന്നു. ന്യൂനപോഷണം ഒരു സാമൂഹ്യ പ്രശ്നമായി കണ്ട് ഇതിനുള്ള പരിഹാരം സാമൂഹ്യഇടപെടലുകൾ വഴി |

| | |
|---|---|
| | Based Management of Acute Malnourishment) ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം അട്ടപ്പാടി പ്രദേശത്തുള്ള തൂക്കക്കുറവുള്ള കുട്ടികളിൽ, Severe Acute Malnutrition (SAM) ഉള്ള കുട്ടികളെ അംഗൻവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ ചേർന്ന് കണ്ടെത്തുകയും ഇവരെ അടുത്തുള്ള ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ എത്തിക്കുകയും വിദഗ്ധരുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ഡോക്ടറുടെ നിർദേശപ്രകാരം ആവശ്യമെങ്കിൽ കുട്ടിക്ക് പരമാവധി 16 ആഴ്ചവരെ Energy Dense Special Food (EDSF) നൽകുകയും ചെയ്യുന്നു. ഈ കാലയളവിൽ കുട്ടിയുടെ ആരോഗ്യം കൃത്യമായി മോണിറ്റർ ചെയ്ത് മാസത്തിൽ രണ്ട് പ്രാവശ്യം SAM കുട്ടികളുടെ തൂക്കമെടുത്ത് റിപ്പോർട്ട് ചെയ്യുന്നു. കുട്ടിയുടെ തൂക്കം ആവശ്യത്തിന് വർദ്ധിച്ചുവെങ്കിൽ EDSF നൽകുന്നത് നിർത്തുന്നു. ഇത്തരത്തിൽ ന്യൂനപോഷണമുള്ള കുട്ടികളുടെ വളർച്ച ത്വരിതപ്പെടുത്തി അവരെ സാധാരണ വളർച്ചയിലേക്ക് കൊണ്ടുവരുന്നതിന് കഴിയുന്നു. |
| (ഡി) പദ്ധതിയുടെ ഫലപ്രാപ്തി തിട്ടപ്പെടുത്താനും മോണിട്ടർ ചെയ്യാനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) Severe Acute Malnutrition- SAM കുട്ടികളുടെ പുരോഗതി കൃത്യമായും വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നു. അംഗൻവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ മാസത്തിൽ രണ്ട് പ്രാവശ്യം SAM കുട്ടികളുടെ തൂക്കമെടുക്കുകയും NRC നിർദേശിക്കുന്ന കുട്ടികൾക്ക് EDSF നൽകുകയും ചെയ്യുന്നു. SAM കുട്ടികളെ സംബന്ധിച്ച ജാതക് ജനനി റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ വിലയിരുത്തുകയും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ